**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2479** **12-02-2024 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ ജില്ലയിലെ മേച്ചിൽപ്പുറ നിവാസികൾക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിലെ പറപ്പൂക്കര ഗ്രാമപഞ്ചായത്തിലെ മേച്ചിൽപ്പുറ നിവാസികളായ പന്ത്രണ്ട് കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; | (എ) | അപേക്ഷകൾ പരിശോധിച്ചു വരുന്നു. |
| (ബി) | പ്രസ്തുത അപേക്ഷകളിന്മേലുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (ബി) | പന്ത്രണ്ട് കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുന്നതിനുള്ള അപേക്ഷ അയയ്ക്കുന്നതായി പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തുവെങ്കിലും, പ്രസ്തുത റിപ്പോർട്ടിനോടൊപ്പം 10 അപേക്ഷകളാണ് സർക്കാരിൽ ലഭ്യമായത്. പ്രിൻസിപ്പൽ ഡയറക്ടറിൽ നിന്നും ലഭ്യമാകാതിരുന്ന ശ്രീ.ജോർജ്ജ്, ശ്രീ.ചന്ദ്രബാബു എന്നിവരുടെ അപേക്ഷ അനുബന്ധ രേഖകൾ ഉൾപ്പെടെ അടിയന്തരമായി സർക്കാരിൽ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതനുസരിച്ച് 06-02-2024 തീയതിയിൽ ഇ-മെയിൽ മുഖേന ഈ വകുപ്പിൽ ലഭ്യമാക്കിയിട്ടുള്ളത് പരിശോധിച്ചു വരുന്നു. |
| (സി) | മരാശ്ശാരി വീട്ടിൽ സത്യൻ ഭാര്യ രമണി, ആലപ്പാട്ട് തോട്ട്യാൻ മാണി മകൻ ജോർജ്ജ് എന്നിവരുൾപ്പെടെയുള്ള 12 അപേക്ഷകർക്ക് പട്ടയം അനുവദിച്ചുനൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (സി) | ശ്രീമതി.രമണിയുടെ അപേക്ഷ പ്രകാരം ലഭ്യമായ രേഖകളിൽ അപേക്ഷകയുടെ പേരിലും,സർവ്വെ നമ്പരിലും, അളവിലും അവ്യക്തതയുള്ളതായി കണ്ടെത്തിയിരുന്നു. ആയത് സംബന്ധിച്ച സ്പഷ്ടീകരണം നൽകുവാനും, ഭരണ സമിതി തീരുമാനത്തിൽ വേണ്ട മാറ്റങ്ങൾ ഉൾപ്പെടുത്തി ലഭ്യമാക്കാനും പറപ്പൂക്കര പഞ്ചായത്ത് സെക്രട്ടറിയോട്18.09.2023-ൽ ആവശ്യപ്പെട്ടത് നാളിതുവരെ ലഭിച്ചിട്ടില്ല.<br><br>ശ്രീ.ജോർജ്ജിന്റെ അപേക്ഷ, 06-02-2024 തീയതിയിൽ ഇ-മെയിൽ മുഖേന ഈ വകുപ്പിൽ ലഭ്യമാക്കിയിട്ടുള്ളത് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ